"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ഒന്നാംപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.ആറ്റിങ്ങൽ സബ് കോടതിയിലെ എൽ.എ.ആർ. 36/2007 നമ്പർ കേസിനു വിധിത്തുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.394/2024/PWD തീയതി, തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.576/2005/പൊ.മ.വ. തീയതി 13.06.2005
2. G.O.(P)32/2019/Fin dated 18.03.2019.
3. സ.ഉ.(സാധാ)നം.140/2022/പൊ.മ.വ. തീയതി 08.02.2022
4. സ.ഉ.(സാധാ)നം.1090/2022/പൊ.മ.വ. തീയതി 09.11.2022
5. സ.ഉ.(സാധാ)നം.1453/2023/പൊ.മ.വ. തീയതി 08.11.2023
6. നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 30.01.2024 തീയതിയിലെ CEPWD/13394/2022-FR9-PWD നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ഒന്നാംപാലം നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി 946 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിട്ടുണ്ടായിരുന്നു. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പരാമർശം (5) പ്രകാരം വിവിധ എൽ.എ.ആർ. കേസുകൾക്കായി 21,06,215/- രൂപയുടെ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ സബ് കോടതിയിലെ എൽ.എ.ആർ. 36/2007 നമ്പർ കേസിനു വിധിത്തുക നൽകുന്നതിനായി 2,88,520/- രൂപ ആവശ്യമുണ്ടെന്നും, മുൻപ് ഭരണാനുമതി നൽകിയ തുകയായ 21,06,215/- രൂപയുടെ കൂടെ ഇപ്പോൾ ആവശ്യമുള്ള 2,88,520/ - രൂപയും കൂടെ ചേർത്ത് ആകെ 23,94,735/- രൂപയുടെ (ഇരുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി ഏഴുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും പരാമർശം (6) പ്രകാരം നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ

ഒന്നാംപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ സബ് കോടതിയിലെ എൽ.എ.ആർ. 36/2007 നമ്പർ കേസിനു വിധിത്തുക നൽകുന്നതിനായി, മുൻപ് ഭരണാനുമതി നൽകിയ തുകയായ 21,06,215/- രൂപയുടെ കൂടെ ഇപ്പോൾ ആവശ്യമുള്ള 2,88,520/ - രൂപയും കൂടെ ചേർത്ത് ആകെ 23,94,735/- രൂപയുടെ (ഇരുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി ഏഴുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി അധിക തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടെ നടപ്പ് സാമ്പത്തിക വർഷത്തിലെ 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി ആർ ഡി

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
T S Sreeja
Date: 16-03-2024 14:18:25

സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്.

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.